*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം മാർച്ച്, 2004**

**2004 മാർച്ചിലെ സംഭവങ്ങൾ**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 29C

*2004 ഫെബ്രുവരി 27-നും 2004 മാർച്ച് 6-നും സായി കുൽവന്ത് ഹാളിൽ സ്വാമിയുടെ മുമ്പാകെ വിദ്യാർത്ഥികൾ അഭിനയിച്ച പ്രാഗ്രാമിനെക്കുറിച്ചുള്ള വിവരണം തുടരുന്നു:*

## സ്വാമിയുടെ യൂണിവേഴ്സിറ്റിയിൽ ശരിയായ വിദ്യാഭ്യാസം

മറ്റൊരു കുട്ടി പറഞ്ഞു, "ഇവിടെനിന്ന് ഞങ്ങൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസം ശരിയായ വിദ്യാഭ്യാസമാണ്, ഉള്ളിൽനിന്ന് മൂല്യങ്ങൾ പുറത്തെടുക്കപ്പെടുന്നു, അല്ലാതെ അത് കേവലം വിവരങ്ങൾ കുത്തിനിറയ്ക്കലല്ല; അത് പരിവർത്തനത്തിന്റേതാണ്."

അപ്പോൾ മറ്റൊരു വിദ്യാർത്ഥി പറഞ്ഞു, "സർ, ഞങ്ങളുടെ ഈശ്വരനായ ഭഗവാന്റെ അധ്യാപകരെ കണ്ടതിലും അവർ പറയുന്നത് കേട്ടതിലും ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഞാൻ നിങ്ങളോട് ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. ഇവിടെ ഞങ്ങൾക്ക് സമൂഹത്തിലെ എല്ലാ വർഗങ്ങളിൽനിന്നും ഉള്ള വിദ്യാർത്ഥികളുണ്ട്, ധനികകുടുംബങ്ങളിൽനിന്നും ദരിദ്ര കുടുംബങ്ങളിൽനിന്നും വരുന്നവർ, എല്ലാ ജാതിയിലും പെട്ടവർ, എല്ലാ സംസ്ഥാനങ്ങളിൽനിന്നും, എല്ലാ രാജ്യങ്ങളിൽനിന്നും വരുന്നവർ. ഇത് സമസ്ത മാനവ വംശവും പ്രതിനിധീകരിക്കപ്പെടുന്ന ഒരു കേന്ദ്രമാണ്. ഇത് സമൂഹത്തിലെ ഒരു പരിച്ഛേദത്തിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല, ഇത് അതിന്റെ സമീപനത്തിൽ സാർവലൗകികമാണ്."

മറ്റൊരു കുട്ടി പറഞ്ഞു, "ഇവിടെ ഞങ്ങളുടെ സ്വഭാവം വാർത്തെടുക്കപ്പെടുന്നു. ഇവിടെ ഞങ്ങൾക്ക് ഉയർച്ചതാഴ്ചകൾ, നിന്ദ, ജയഘോഷം, അനുമോദനം എല്ലാം സ്വീകരിക്കുന്ന മനോഭാവം ലഭിക്കുന്നു.

ഇവയെല്ലാം സമചിത്തതയോടെ സ്വീകരിക്കപ്പെടുന്നു; ഇവയെല്ലാം അക്ഷോഭ്യതയോടെ സ്വീകരിക്കപ്പെടുന്നു. ഞങ്ങൾ ഹർഷോന്മത്തരാവുകയില്ല, ഞങ്ങൾ നിരാശപ്പെടുകയുമില്ല. ബാബ ഞങ്ങളുടെയുള്ളിൽ വികസിപ്പിച്ചതരം മനോഭാവം,

പൂച്ചെണ്ടും കല്ലേറും ഒരേപോലെ കരുതുന്നതിന് ഞങ്ങളെ സഹായിക്കുന്നു.''



ശ്രീ സത്യസായി യൂണിവേഴ്സിറ്റിയുടെ ബിരുദദാനച്ചടങ്ങ്

## അല്പഭാഷണം അതിജോലി വഴി വിദ്യാർത്ഥി സ്വയം നന്നാക്കുന്നു

അപ്പോൾ മെഹബൂബ് ഖാൻ വിദ്യാർത്ഥികളോട് ചോദിച്ചു, ''കുട്ടികളേ, ബാബയുടെ പ്രബോധനങ്ങൾ നിങ്ങളെ എങ്ങനെ സഹായിച്ചിട്ടുണ്ടെന്ന് നിങ്ങളിലാർക്കെങ്കിലും എന്നോട് പറയാമോ? നിങ്ങളിലൊരാൾ എണീറ്റിട്ട് എന്നോട് പറയുമോ?''

ഒരു വിദ്യാർത്ഥി എണീറ്റിട്ട് പറഞ്ഞു, "സർ, എന്തുകൊണ്ടില്ല? ബാബയുടെ എല്ലാ പ്രബോധനങ്ങളും ഞങ്ങളെ സഹായിച്ചിട്ടുണ്ട്. പക്ഷേ, ഞാൻ അങ്ങയ്ക്ക് ഒരു ലളിതമായ ഉദാഹരണം തരാം."




ആ കുട്ടി ഇപ്രകാരം തുടർന്നു: "ഞാൻ വളരെ വാചാലനാണ്. എന്റെ സുഹൃത്തുക്കൾ എന്നെ വായാടി എന്നാണ് കളിയാക്കാറുണ്ടായിരുന്നത്, എന്തുകൊണ്ടെന്നാൽ ഞാൻ അന്തമില്ലാതെ സംസാരിക്കും. ഒരു ദിവസം ബാബ എന്നോട് പറഞ്ഞു, "**കുറച്ച് സംസാരിച്ച് കൂടുതൽ പണിയെടുക്കൂ. നീ മിതമായി സംസാരിച്ചാൽ, നിന്റെ ഓർമ്മശക്തി വർദ്ധിക്കും.**"

എനിക്ക് വളരെ കുറച്ച് മാർക്ക് മാത്രമാണ് കിട്ടിക്കൊണ്ടിരുന്നത്, എന്നാൽ ഇതിനുശേഷം ഞാൻ, 'കുറച്ച് സംസാരിച്ച് കൂടുതൽ പണിയെടുക്കൂ' എന്ന ബാബയുടെ പ്രബോധനം പരിശീലിക്കാനാരംഭിച്ചു, എനിക്ക് പരീക്ഷയിൽ 85% ഉം 90% ഉം മാർക്ക് ലഭിക്കാൻ തുടങ്ങി. ഞാൻ ബാബയുടെ പ്രബോധനങ്ങൾ ആചരിക്കാൻ തുടങ്ങിയപ്പോൾ, എനിക്ക് പെട്ടെന്ന് പ്രയോജനം ലഭിച്ചു."

## ഗുരുക്കന്മാരുടെ ഗുരു എവിടെ?

അധ്യാപകരെല്ലാവരും ചോദ്യവർഷം തന്നെ ആരംഭിച്ചിരുന്നു. അപ്പോൾ ഒരാൾ പറഞ്ഞു, "ശരി, നിങ്ങൾ അതിശയകരമായ മറുപടികളാണ് തരുന്നതെന്നത് വാസ്തവം തന്നെ. ആരാണ് നിങ്ങളെ ഇതൊക്കെ പഠിപ്പിച്ചത്? നിങ്ങൾക്കീ സമചിത്തത എങ്ങനെ വികസിപ്പിക്കാനായി? സന്തോഷത്തിന്റെയും ദു:ഖത്തിന്റെയും കണ്ണീർ സമമായി നിങ്ങൾക്കെങ്ങനെ കരുതാനാവും? ജീവിതത്തിലെ മാത്സര്യവും സംഘർഷവും ഒരേ സമയം നിങ്ങൾക്കെങ്ങനെ നേരിടാനാവും?"

അപ്പോൾ എല്ലാ കുട്ടികളും ചേർന്ന് തൊഴുകൈകളോടെ പറഞ്ഞു, "സർ, ഇതെല്ലാം ശ്രീ സത്യസായി ബാബ കാരണമാണ്. ഇവിടെ ഞങ്ങൾക്ക് എല്ലാ മതങ്ങളിലുമുള്ള, എല്ലാ ജാതികളിലുമുള്ള വിദ്യാർത്ഥികളുണ്ട്."

എല്ലാ അധ്യാപകരും ഇപ്പോൾ സദസ്യർക്കിടയിൽ സത്യസായി ബാബയെ തെരയാൻ ആരംഭിച്ചു. അവർ അവരുടെ വിരലുകൾ ചൂണ്ടി, എല്ലാവരും സിംഹാസനത്തിലിരിക്കുന്ന സ്വാമിയുടെ നേരെ തിരിഞ്ഞു. "അവിടുന്ന് ഇവിടെയുണ്ട്, അവിടുന്ന് ഇവിടെയുണ്ട്!"

എന്റെ സുഹൃത്തുക്കളേ, ഈ ആശയം വിദ്യാർത്ഥികൾ അതിശയകരമായാണ് ഉൾക്കൊണ്ടിരിക്കുന്നത്. ബാബയുടെ അധ്യാപകർ സ്വർഗത്തുനിന്ന് അവിടുന്നിനെ തെരഞ്ഞ് ഇറങ്ങിവരികയാണ്, അവരുടെ പഴയ സംസർഗവും ഓർമ്മകളും വീണ്ടെടുക്കുന്നതിനായി. എന്നിട്ട്, സ്വാമി അവരെ സ്വാധീനിച്ചത് എങ്ങനെയെന്ന് അവർ പറയുന്നു. ഒടുവിൽ, അവർ അവിടുന്നിനെ വേദിയിൽവച്ച് കാണുന്നു. എല്ലാവരും ഈ പ്രോഗ്രാം ഇഷ്ടപ്പെട്ടു.

2004 മാർച്ച് 5-ന് വിദ്യാർത്ഥികൾ അവതരിപ്പിച്ച പ്രസന്റേഷൻ ഇതോടെ അവസാനിക്കുന്നു.

## പ്രൈമറി സ്കൂൾ കുട്ടികളുടെ രണ്ടാമത്തെ അവതരണം

ഇനി, കഴിഞ്ഞ ആഴ്ച, 2004 മാർച്ച് 14-ന്, പ്രൈമറി സ്കൂൾ കുട്ടികളുടെ ഒരു പ്രസന്റേഷൻ ഉണ്ടായിരുന്നു. അവർക്ക് എങ്ങനെ തയ്യാറെടുക്കാനായി? അത് എത്ര നേരമെടുത്തിട്ടുണ്ടാവും, ആരാണവർക്ക് മാർഗനിർദ്ദേശം നൽകിയിട്ടുണ്ടാവുക? നമുക്ക് ഉത്തരമില്ല.

എല്ലാ കുട്ടികളും പരീക്ഷയുടെ തിരക്കിലായിരുന്നു. അവരെപ്പോഴാവും തിരക്കഥ എഴുതിയിട്ടുണ്ടാവുക? അവർ എപ്പോഴാവും പ്രാക്ടീസ് ചെയ്തിട്ടുണ്ടാവുക? എപ്പോഴാവും അവർ റിഹേഴ്സൽ ചെയ്തിട്ടുണ്ടാവുക? സ്വാമിയുടെ മുമ്പാകെ അത്രമേൽ ഭംഗിയായി ഇത് അവതരിപ്പിക്കാൻ അവർക്കെങ്ങനെ സാധിച്ചു?

സത്യസായി ബാബയാണ് പ്രചോദകൻ, സത്യസായി ബാബയാണ് പ്രേരകൻ, സത്യസായി ബാബയാണ് അന്തര്യാമി, അവിടുന്നാണ് മാർഗദർശിയും നിർമാതാവും സംവിധായകനും നടനും പിന്നെ മറ്റെന്തെല്ലാമുണ്ടോ അതെല്ലാം എന്നതിന് ഇത് മതിയായ തെളിവല്ലേ?

അങ്ങനെ, അത്രമേൽ മനോഹരമായ ഒരു പ്രോഗ്രാമാണ് വിദ്യാർത്ഥികൾക്ക് അവതരിപ്പിക്കാനായത്.

# നചികേതസ്സിന്റെ ഉപാഖ്യാനം

പ്രൈമറി സ്കൂൾ കുട്ടികൾ വളരെ രസകരമായ പ്രോഗ്രാമുകളാണ് അവതരിപ്പിക്കുന്നത്. ഇതിന് പല എപ്പിസോഡുകളുണ്ടായിരുന്നു. ആദ്യത്തേത്, നചികേതസ്സ് എന്നു പേരുള്ള ഒരു ചെറിയ ബാലന്റെ കഥയായിരുന്നു. നചികേതസ്സ് അവന്റെ പിതാവിന്റെ സമീപത്ത് ചെന്നു, അദ്ദേഹം ഉള്ളതൊക്കെ പലർക്കാ| യി ദാനം ചെയ്യുന്ന ആളായിരുന്നു. ദീനാനുക മ്പയുടെ പേരിൽ അദ്ദേഹം ഓരോരുത്തർക്കും സകലതും ഭിക്ഷ നൽകിയിരുന്നു.



നചികേതസ്സ് തന്റെ പിതാവിനോട് ചോദിച്ചു, ''പിതാവേ, എന്നെ അങ്ങ് ആർക്കാണ് കൊടുക്കാൻ പോവുന്നത്?'' (*ചിരി*)

ദേഷ്യം വന്നിട്ട്, അവന്റെ പിതാവ് പറഞ്ഞു, ''നിന്നെ ഞാൻ മരണദേവനായ യമന് കൊടുക്കും.''

ബാലൻ ചിരിച്ചു, ''വളരെ നന്നായി; ഇതൊരു അതിശയകരമായ സമ്മാനമായിരിക്കും. എന്നെ അവിടെ പോവാൻ അനുവദിച്ചാലും.''

അവൻ മരണത്തിന്റെ ദേവനായ യമന്റെ സമീപത്തേക്ക് പോവുന്നു, അദ്ദേഹം അവനെ തന്റെ സാമ്രാജ്യത്തിലേക്ക് കൂട്ടിക്കൊണ്ടുപോവാൻ തയ്യാറാവുന്നു. യമനും നചികേതസ്സും തമ്മിൽ ഒരു സംഭാഷണം നടക്കുന്നു.

നചികേതസ്സ് യമനോട് പറഞ്ഞു, ''അല്ലയോ പ്രഭു, ജീവിതത്തിന്റെ രഹസ്യം എന്നെ പഠിപ്പിച്ചാലും.''

യമൻ പറഞ്ഞു, ''ഇല്ല!''

''സർ, അങ്ങ് എന്നോട് പറയണം.''

അപ്പോൾ യമൻ പറഞ്ഞു, ''കുട്ടീ, അത് നിർബന്ധിക്കരുത്. പകരമായി, ഞാൻ നിനക്ക് മൂന്ന് വരങ്ങൾ തരാം. അവ ആവശ്യപ്പെട്ടോളൂ.''

ആദ്യത്തെ വരം: ''അനുവദിച്ചിരിക്കുന്നു!''

രണ്ടാമത്തെ വരം: "അനുവദിച്ചിരിക്കുന്നു!"

മൂന്നാമത്തെ വരം: "അനുവദിച്ചിരിക്കുന്നു!"

പക്ഷേ, അവൻ ശഠിച്ചുകൊണ്ടിരുന്നു, "സർ, ഞാൻ ജീവിതത്തിന്റെ രഹസ്യം അറിയാനാണ് ആഗ്രഹിക്കുന്നത്." നചികേതസ്സ് ജീവിതരഹസ്യം അറിയാനായി അത്രമേൽ നിർബന്ധിച്ചുകൊണ്ടിരുന്നു.

യമൻ, മരണദേവൻ, അവന്റെ ശ്രദ്ധ തിരിക്കുന്നതിന് ആഗ്രഹിച്ചു.

"ഹേ കുട്ടീ, ഞാൻ നിനക്ക് സമസ്ത ലോകവും തരാം; അത് പരിപാലിച്ചുകൊള്ളുക."

"വേണ്ട സർ, എനിക്കത് വേണ്ട; എനിക്ക് ജീവിതത്തിന്റെ രഹസ്യം അറിഞ്ഞാൽ മതി."

"ഞാൻ നിനക്ക് ജീവിതത്തിലെ സകല സമ്പാദ്യവും തരാം."

"വേണ്ട സർ, എനിക്ക് ജീവിതത്തിന്റെ രഹസ്യം അറിയണമെന്നാണ്."

നചികേതസ്സിന്റെ നിർബന്ധം, മരണത്തിന്റെ ദേവനായ യമനിൽനിന്ന് ജീവിതത്തിന്റെ രഹസ്യം അറിയാനായി അവനെ സഹായിച്ചു.

സ്വാമിയുടെ മുമ്പാകെയാണ് ഇത് അവതരിപ്പിക്കപ്പെട്ടത്, സ്വാമിക്ക് ഇത് വളരെ ഇഷ്ടമായി.

## പണ്ഡിതനും തോണിക്കാരനും

പ്രൈമറി സ്കൂൾ കുട്ടികൾ അവതരിപ്പിച്ച രണ്ടാമത്തെ ഉപാഖ്യാനം ഇതായിരുന്നു: അവർ എല്ലാവരും തറയിൽ ഇരുന്നു; അവരൊരു തുഴയുന്ന തോണിയാണ് എന്നു തോന്നിപ്പിക്കുന്നതുപോലെയാണ് അവർ അഭിനയിച്ചത്. തോണിയിൽ ഒരു തോണിക്കാരനും ഒരു പണ്ഡിതനും ഉണ്ട്. കുട്ടികൾ തോണി തുഴയുകയാണ്, തോണിയിൽ ഒരു തോണിക്കാരനും വിദ്വാനും ഉണ്ട്. തോണി വേഗത്തിൽ മുമ്പോട്ട് പോവുകയാണ്.

പണ്ഡിതൻ തോണിക്കാരനോട് തിരക്കി, "ഹേ തോണിക്കാരാ, ഇപ്പോൾ സമയം എന്തായി?"

അയാൾ പറഞ്ഞു, "സർ, എനിക്ക് വാച്ചില്ല. എനിക്ക് സമയം അറിഞ്ഞുകൂടാ. സൂര്യോദയവും സൂര്യാസ്തമയവും നോക്കിയാണ് ഞാൻ കഴിയുന്നത്; അത്രയേയുള്ളൂ."

പണ്ഡിതൻ പറഞ്ഞു, "നിനക്ക് സമയബോധം ഇല്ല! നിന്റെ ജീവിതത്തിന്റെ മൂന്നിലൊന്ന് പാഴായിരിക്കുന്നു."

തോണിക്കാരന് വളരെ വിഷമം തോന്നി.

കുറച്ചു നേരം കഴിഞ്ഞ്, പണ്ഡിതൻ തിരക്കി, "ഏറ്റവും പുതിയ വാർത്ത എന്തുണ്ട്?"

തോണിക്കാരൻ പറഞ്ഞു, "സർ, ഞാൻ പഠിച്ചവനല്ല; എന്റെ കൈവശം വാർത്തയൊന്നുമില്ല. എനിക്ക് അന്നന്നത്തെ അന്നത്തിനുള്ള വക കിട്ടിയാൽ മതി!"

വിദ്വാൻ പറഞ്ഞു, "നിനക്ക് സമയം അറിയില്ല; നിനക്ക് വിദ്യാഭ്യാസം ഇല്ല; നിനക്ക് എഴുതാനും വായിക്കാനും അറിഞ്ഞുകൂടാ; നിന്റെ ജീവിതത്തിന്റെ മൂന്നിൽ രണ്ട് പാഴായിരിക്കുന്നു."



തോണി മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നു.

അപ്പോൾ, പണ്ഡിതൻ തിരക്കി, "ഹേ കുട്ടീ, നിനക്ക് ഈശ്വരനെക്കുറിച്ച് ധാരണയുണ്ടോ?"

തോണിക്കാരൻ പറഞ്ഞു, "സർ, എനിക്ക് ഈശ്വരനെക്കുറിച്ച് ചിന്തിക്കാൻ നേരമില്ല. എനിക്ക് ഒരു ധാരണയുമില്ല."

"ഹേ കുട്ടീ, നിനക്ക് ഈശ്വരനെ അറിയില്ലെന്നോ? നിന്റെ ജീവിതം മുഴുവൻ പാഴായിരിക്കുന്നു! ബാക്കിയുണ്ടായിരുന്ന മൂന്നിലൊന്നും പൊയ്പോയിരിക്കുന്നു."

തോണി വേഗത്തിൽ മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നു. പൊടുന്നനവേ, മേഘങ്ങൾ പ്രത്യക്ഷപ്പെട്ടു, മഴ വീഴാൻ തുടങ്ങി. തോണി ജലോപരിതലത്തിൽ ആടിയുലയാൻ തുടങ്ങിയിരുന്നു.

തോണിക്കാരൻ ചോദിച്ചു, "സർ, നാം അപകടത്തിലാണ്. അങ്ങയ്ക്ക് നീന്തുന്നതെങ്ങനെ എന്നറിയാമോ? (*ചിരി*)

പണ്ഡിതൻ പറഞ്ഞു, "എനിക്കറിയില്ല."

"കൊള്ളാം, അങ്ങയുടെ മുഴുവൻ ജീവിതവും ഇപ്പോൾ പാഴായിരിക്കുന്നു, എന്തുകൊണ്ടെന്നാൽ അങ്ങ് മരണത്തിന്റെ വായിലാണ്." (*ചിരി*)

"അങ്ങയ്ക്ക് സമയബോധമുണ്ട്; അങ്ങയ്ക്ക് വാർത്തകളറിയാം; അങ്ങയ്ക്ക് ഈശ്വരനെക്കുറിച്ച് നല്ല ധാരണയുണ്ട്, പക്ഷേ എങ്ങനെയാണ് നീന്തുന്നതെന്ന് അങ്ങയ്ക്ക് അറിഞ്ഞുകൂടാ, അങ്ങ് ഇപ്പോൾ മരിക്കാൻ തുടങ്ങുകയാണ്." (*ചിരി*)

കുട്ടികളുടെ ഈ അഭിനയം കണ്ടിട്ട് സ്വാമി ചിരിയോടു ചിരി, നിങ്ങളിപ്പോൾ ചിരിക്കുന്നതുപോലെ..

ഈ ഉപാഖ്യാനം നമ്മോട് പറയുന്നത് എന്തെന്നാൽ, നമുക്ക് ജീവിതത്തിലെ അടിസ്ഥാനപരമായ പ്രായോഗിക കാര്യങ്ങൾ അറിയാത്തിടത്തോളം, പുസ്തകജ്ഞാനം കൊണ്ട് ഒരു പ്രയോജനവുമില്ല. ജീവിതകല അറിയാതെ, അതിജീവനകല അറിയാതെ, മറ്റെല്ലാ അറിവുകൊണ്ടും ഉപകാരമില്ല. ഇതായിരുന്നു ആദ്യത്തെ എപ്പിസോഡ്.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)